## 193

പ്രാർത്ഥനയ്ക്കുത്തരം തന്നതിനാൽ
നന്ദി ഞാൻ ചൊല്ലിടുന്നു - നാഥാ
നന്ദി ഞാൻ ചൊല്ലിടുന്നു

1 ഉലകം ചമയ്ക്കുന്നതിനും മുന്നെ
ഉള്ളം കൈയിൽ എന്നെ വരച്ചതിനാൽ
എന്നാത്മനാഥാ എൻ ജീവകാലം
നന്ദി ഞാൻ ചൊല്ലിടുന്നു - നാഥാ

2 കണ്ണീരിൽ നിന്നെന്റെ കൺകളേയും
വീഴ്ചയിൽ നിന്നെന്റെ കാൽകളേയും
കാത്തൊരു നാഥാ, കാരുണ്യ നാഥാ
നന്ദി ഞാൻ ചൊല്ലിടുന്നു - നാഥാ

3 അന്യനാമെന്നെ നിൻ സൂനുവാക്കി
നിന്ദ്യനാമെന്നെ നീ ധന്യനാക്കി
എൻ ജീവനാഥാ വിൺലോകനാഥാ
നന്ദി ഞാൻ ചൊല്ലിടുന്നു - നാഥാ

4 രോഗങ്ങൾ മാറ്റി നൽ സൗഖ്യമേകി
രോദനം മാറ്റി സംഗീതമേകി
രാജാധിരാജാ കർത്താധികർത്താ
നന്ദി ഞാൻ ചൊല്ലിടുന്നു - നാഥാ

G.K.